"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഈസി കിച്ചൺ - അടുക്കള നവീകരിക്കുന്നതിന് ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2544/2024/LSGD തീയതി,തിരുവനന്തപുരം, 27-12-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 12.08.2024ലെ LSGD/PD/61109/2023-DB5 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 05.12.2024 ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.9

**ഉത്തരവ്**

അടുക്കള നവീകരിക്കുന്നതിനായി പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. അടുക്കളയുടെ ഉപയോഗം കൂടുതൽ സൗഹാർദ്ദപരമാക്കാനും അടുക്കള ഉപയോഗിക്കുന്നവരുടെ സൗകര്യത്തിനും ആരോഗ്യ സുരക്ഷയ്ക്കും ഇത്തരം ആവശ്യങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാമർശം 3 ശിപാർശയുടെ കൂടി അടിസ്ഥാനത്തിൽ, 'ഈസി കിച്ചൺ' എന്ന പേരിൽ അടുക്കള നവീകരിക്കുന്നതിന് ധനസഹായം നൽകുന്നതിനായി പ്രോജക്ട് എടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും, ചുവടെ ചേർത്തിട്ടുള്ള ഉപാധികൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു.

- ഒരു അടുക്കള നവീകരിക്കുന്നതിന് അനുവദനീയമായ വിഹിതത്തിൽ നിന്ന് പരമാവധി 75,000 രൂപ ചെലവഴിക്കാവുന്നതാണ്. അടുക്കള നവീകരണത്തിന് 2.4m x 2.4 m അളവിലുള്ള ഒരു Medium sized kitchen നവീകരിക്കുന്നതിനാണ് പ്രോജക്ട് എറ്റെടുക്കാവുന്നത്.
- നിലവിലെ അടുക്കളയുടെ തറ demolish ചെയ്ത് 1:2:4 കോൺക്രീറ്റ് ഉപയോഗിച്ച് തറ ബലപ്പെടുത്തി, Ceramic Tile വിരിക്കുന്നതിനും, ഗ്രാനൈറ്റ് സ്ലാബ് ഉപയോഗിച്ച് പുതിയ കിച്ചൺ സ്ലാബ് സജ്ജീകരിക്കുന്നതിനും, MDF ഉപയോഗിച്ച് കിച്ചൺ കബോർഡ്, പ്ലാസ്റ്റർ റിപ്പയർ, dadoing, കിച്ചൺ സിങ്ക്, 200 ലിറ്റർ വാട്ടർ ടാങ്ക്, പ്ലംബിംഗ് ഇനങ്ങൾ, പെയിന്റിംഗ്, സോക്ക് പിറ്റ് നിർമ്മാണം എന്നീ പ്രവൃത്തികളാണ് അടുക്കള നവീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 6000/- രൂപ ഉപയോഗിക്കാം

(75,000 രൂപയിൽ ഉൾപ്പെടുത്തി).

- അടുക്കള പുതുക്കി പണിയുമ്പോൾ കിച്ചൺ പ്ലാറ്റ്ഫോം (Kitchen Slab Support), Kitchen Cup Board, Water Storage Tank (200 Ltr), Kitchen Sink, PVC Pipe Fittings, Electrification എന്നിവയടക്കമുള്ള സൗകര്യങ്ങൾ നവീകരിച്ച അടുക്കളയിൽ ഉണ്ടായിരിക്കണം.
- ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള സർക്കാരിന്റെ ഭവന പദ്ധതി പ്രകാരം 2017-18 മുതൽ ധനസഹായം ലഭിച്ചവർക്ക് അടുക്കള നവീകരണത്തിന് ധനസഹായം നൽകാവുന്നതല്ല.
- അടുക്കള നവീകരണത്തിനുള്ള വിഹിതം വീടിന്റെ മറ്റ് പുനരുദ്ധാരണത്തിനായി ഉപയോഗിക്കാവുന്നതല്ല.
- അടുക്കളയിലെ അനാരോഗ്യകരമായ സൗകര്യം മാറ്റി മെച്ചപ്പെട്ട സൗകര്യമൊരുക്കുന്നതിനാണ് ഈ പ്രോജക്ട് കൊണ്ടുദ്ദേശിക്കുന്നത്. അതിനാൽ അത്തരം അനാരോഗ്യ സാഹചര്യം മാത്രമുള്ള അടുക്കളകൾ ഉള്ളവരെ മാത്രമേ അർഹതാ ലിസ്റ്റിൽ ഉൾപ്പെടുത്താവൂ.
- മാർഗ്ഗരേഖ പ്രകാരമുള്ള വരുമാനപരിധിയടക്കമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
- അടുക്കള നവീകരിക്കുന്നതിന് മുകളിൽ പറഞ്ഞ എസ്റ്റിമേറ്റിലെ ഏതെങ്കിലും ഘടകം മാത്രമേ ചെയ്യുന്നുള്ളൂവെങ്കിൽ അതിന്റെ വാല്യുവേഷൻ അനുസരിച്ച് ധനസഹായം പരിമിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്

20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 27-12-2024 16:38:50

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്